Break the chain

വനിത ശിശുവികസന വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: അനുപമ T.V IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കൊല്ലം സ്വദേശി **വിനായകൻ എന്ന കുട്ടിക്ക്_ബാലനിധി ധനസഹായം അനുവദിച്ച്** ഉത്തരവാകുന്നു

**പരാമർശം:-** കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 25/11/2021 തീയതിയിലെ ഡി.സി.പി.യു/കെ.എൽ.എം/D2/bn/13/21

==========================================================================

**ഉത്തരവ് നമ്പർ** : ICPS-**4**(A)/**17640**/2021 **തീയതി: 04.02.2022**

==========================================================================

കൊല്ലം ജില്ലയിൽ വാളാത്തുംഗൽ,ആക്കോലി ചേരി വിനീഷ് ഭവൻ വീട്ടിൽ ശ്രീ.ശിവൻ, ശ്രീമതി.വിനീത എന്നീ ദമ്പതികളുടെ മകനായ വിനായകൻ എസ് എന്ന കുട്ടിക്ക് കിഡ്നി സംബന്ധമായ B/L HYDRO NEPHROSIS OBSTRUCTION രോഗബാധിതനാണ് എന്നും നിലവിൽ കുട്ടി തിരുവനന്തപുരം SAT ഹോസ്പിറ്റലിലെ പീഡിയാട്രിക് സർജറി വിഭാഗത്തിൽ തുടർ ചികിത്സയിലാണ് എന്നും കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ ഇതുവരെ കുട്ടിക്ക് ചികിത്സയ്ക്കായി ചിലവായ 10,864/-രൂപയും തുടർചികിത്സയ്ക്കായി 15000/-രൂപയും ചേർത്ത ആകെ 25,864/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്ന് കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കൊല്ലം ജില്ലയിൽ വാളാത്തുംഗൽ,ആക്കോലി ചേരി വിനീഷ് ഭവൻ വീട്ടിൽ ശ്രീ.ശിവൻ, ശ്രീമതി.വിനീത എന്നീ ദമ്പതികളുടെ മകനായ വിനായകൻ എസ് ന്റെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ **10,864/-രൂപ (പതിനായിരത്തി എണ്ണൂറ്റി അറുപത്തി നാല് രൂപ മാത്രം)** അനുവദിച്ചു ഉത്തരവാകുന്നു.

ടി തുകയായ **10,864/-രൂപ (പതിനായിരത്തി എണ്ണൂറ്റി അറുപത്തി നാല് രൂപ മാത്രം)** ബാലനിധി എസ്.ബി.ഐ. ബാങ്ക് അക്കൗണ്ട് ആയ 57044156669 നിന്നും കൊല്ലം ജില്ല ശിശുസംരക്ഷണ ഓഫീസറുടെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് ആയ 703011400000024 ലേക്ക് നൽകേണ്ടതുമാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക കുട്ടിക്ക് കൈമാറേണ്ടതാണ്. ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.

തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം

പകർപ്പ്

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,കൊല്ലം
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്